പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ ; T 1429 2.07.2015-ലെ മറുപടിക്ക്

## പാലിന്റെ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) FSSA 2006, 2010 ആഗസ്റ്റ് 5 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നതോടു കൂടി പാൽ ഗുണനിലവാര പരിശോധനയും പരിശോധനാ റിപ്പോർട്ടുകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനുള്ള അധികാരവും ഫുഡ് സേഫ്റ്റി കമ്മീഷ്ണറിൽ നിക്ഷിപ്തമായിട്ടുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിൽ ജില്ലകൾ തോറും ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഓരോ ജില്ലയിലും വിതരണം നടത്തുന്ന മാർക്കറ്റ് മിൽക്ക് പാൽ സാമ്പിൾ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധന നടത്തുകയും ഇപ്രകാരം ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് ക്രോഡീകരിച്ച് തുടർനടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നല്കി വരികയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പാൽ പരിശോധനാ സംവിധാനം ലഭ്യമാണ്. |
| (ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ ; | (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പിൽ സ്ഥിരം സംവിധാനങ്ങൾ ഒന്നും തന്നെയില്ല. അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നതുൾപ്പെടെ സംസ്ഥാനത്തെ വിപണികളിൽ ലഭ്യമായിട്ടുള്ള ബ്രാന്റുകളുടെ സാമ്പിളുകൾ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ |

ഉദ്യോഗസ്ഥൻമാർ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധന നടത്തുകയും റിപ്പോർട്ട് അനന്തര നടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നല്കി വരികയും ചെയ്യുന്നു. മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമാണ് സംസ്കരിച്ച് വിതരണം നടത്തുന്നത്.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്ര ലിറ്റർ പാൽ എത്തുന്നുണ്ടെന്നും ഇവയിൽ മായം ചേർക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്നും വെളിപ്പെടുത്താമോ ?.

(സി) സംസ്ഥാനത്തിന് വെളിയിൽ നിന്നും ശരാശരി 2 ലക്ഷം ലിറ്റർ മുതൽ 3 ലക്ഷം ലിറ്റർ വരെ പാൽ പ്രതിദിനം മിൽമ ഡയറിയിലുൾപ്പെടെ ശേഖരിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. മിൽമ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധന നടത്തിയതിനുശേഷം മാത്രമാണ് സംസ്കരിച്ച് വിതരണം നടത്തുന്നത്.

സെക്ഷൻ ഓഫീസർ